# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 698

06.02.2013ൽ
മറുപടിക്ക്

ജൈവശാസ്ത്ര ഉദ്യാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ശശി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം മംഗലപുരം വില്ലേജിൽ ജൈവ ശാസ്ത്ര ഉദ്യാനം സ്ഥാപിക്കുന്നതിന് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് സർക്കാർ വിജ്ഞാപനം ചെയ്തത്; ഇതിൽ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു; ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന് കെ.എസ്.ഐ.ഡി.സിയും റവന്യു വകുപ്പും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം വെയ്ലൂർ വില്ലേജിൽ ജൈവ ശാസ്ത്ര ഉദ്യാനം സ്ഥാപിക്കുന്നതിന് 260 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനാണ് സർക്കാർ വിജ്ഞാപനം ചെയ്തത്. ഇതിൽ 40 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. 11 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള അവാർഡുമായിട്ടുണ്ട്. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന് കോടതി സ്റ്റേ ഉത്തരവ് ഉള്ളതിനാൽ മറ്റു നടപടികൾ വേണ്ടത്ര പുരോഗമിക്കുന്നില്ല. |
| (ബി)ഇവിടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ ഡി.പി. ആർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പരിപാടികളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി) ലൈഫ് സയൻസ് പാർക്കിന്റെ വിശദമായ പഠനങ്ങൾ പ്രമുഖ കൺസൽട്ടൻസി കമ്പനിയായ എണസ്റ്റ് & യംഗ് നടത്തിയിട്ടുണ്ട്. ലൈഫ് സയൻസ് പാർക്കിൽ വരുന്ന ഒരു പ്രോജക്ടായ ഇൻകുബേഷൻ സെന്ററിന്റെ വിശദമായ റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി തയ്യാറാക്കിയിട്ടുണ്ട്. |
| സി) പദ്ധതിയുടെ നടപത്തിപ്പിനായി ഇതിനകം എത്ര കോടി രൂപ സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി യ്ക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സിയ്ക്ക് ഇതുവരെ 59 കോടി രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ